(ബി) 1988-ൽ സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ലഭിച്ചിട്ടും സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കാത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വയനാട് മുണ്ടേരിയിലെ കോവക്കുനി എന്ന സ്ഥലത്ത് 7 ഏക്കർ 88 സെന്റ് സ്ഥലത്താണ് ജിനചന്ദ്ര സ്റ്റേഡിയം നിർമ്മിക്കുന്നത്. 29-7-2010-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ജിനചന്ദ്ര സ്റ്റേഡിയം നിർമ്മാണത്തിനായി പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച 4.85 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾക്കായി 11-1-2010-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.റ്റി) നമ്പർ 188/10/പൊ.വി.വ. പ്രകാരം 108.078 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

എഗ്രിമെന്റ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയ 1.08 കോടി രൂപയിൽ 30 ലക്ഷം രൂപ അഡ്വാൻസായി 21-10-2010-ൽ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റേഡിയത്തിലേക്കുള്ള റോഡ്, കൽപ്പറ്റ മുനിസിപ്പാലിറ്റി ടാർ ചെയ്ത് ഉയർത്തിയപ്പോൾ വെള്ളം മുഴുവൻ സ്റ്റേഡിയത്തിലേക്ക് ഒഴുകിയെത്തി സ്റ്റേഡിയം ചെളിക്കുണ്ടാകുന്നുവെന്നതിനാൽ Earth work filling കൂടി ഉൾപ്പെടുത്തി 6.65 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 14-8-2014-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(ആർ.ടി.) നമ്പർ 180/14/കാ.യു.വ. പ്രകാരം ജിനചന്ദ്ര സ്റ്റേഡിയം നിർമ്മാണത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. കൂടാതെ സ്റ്റേഡിയം നിർമ്മാണത്തിനായി കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായുള്ള കരാർ സർക്കാരിന് നഷ്ടം വരാത്തരീതിയിൽ ഉടൻ അവസാനിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ജിനചന്ദ്ര സ്റ്റേഡിയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവശേഷിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കണക്കാക്കി ടെണ്ടർ ചെയ്യുന്നതിന് നാഷണൽ ഗെയിംസ് സെക്രട്ടേറിയേറ്റ് മുഖാന്തിരം കിറ്റ്കോയെ ഏൽപ്പിക്കുകയും ടി എസ്റ്റിമേറ്റ് പ്രകാരമുള്ള പുതുക്കിയ ഭരണാനുമതി തേടുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് ബാക്കി തുകയായ 41,73,114 രൂപ നൽകുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി ടി പ്രവൃത്തി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ശ്രീ. കെ. എസ്. ബാബുവിനെ 12-11-2014-ന് ചുമതലപ്പെടുത്തുകയുണ്ടായി. ശ്രീ. കെ. എസ്. ബാബു സമർപ്പിച്ച റിപ്പോർട്ടിൽ ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 41,73,144 രൂപ നൽകി കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കോൺട്രാക്ട് അവസാനിപ്പിക്കാവാനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ചലച്ചിത്ര രംഗത്തെ പ്രതിസന്ധി

190(5779) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചലച്ചിത്ര രംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനും മലയാള സിനിമയെ ഉന്നതിയിൽ എത്തിക്കുന്നതിനും സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) മലയാള സിനിമാ രംഗത്തെ കിടമത്സരങ്ങൾ ഒഴിവാക്കി നല്ല സിനിമകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ ;

(സി) സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട വിവിധ സംഘടനകളെ ഒരു കടക്കീഴിൽ അണിനിരത്തി ഈ വ്യവസായം നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണുവാൻ ശ്രമിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മലയാള സിനിമാ മേഖലയെപ്പറ്റി പഠിച്ച് ആവശ്യമായ മാറ്റങ്ങളും പരിഷ്കാരങ്ങളും ശുപാർശ ചെയ്യുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനും ശ്രീ. ഷാജി എൻ. കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ജി. സുരേഷ്കുമാർ, ശ്രീമതി റാണി ജോർജ്ജ് ഐ.എ.എസ്. എന്നിവർ അംഗങ്ങളുമായുള്ള ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും ടി സമതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അതിൻ പ്രകാരമുള്ള പരിഷ്കാരങ്ങൾ നടപ്പാക്കിവരികയും ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly